No. CEE/TA III/BEDN/7035/2006

## കേരള സർക്കാർ
# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
## ശാന്തി നഗർ, തിരുവനന്തപുരം
# പത്രക്കുറിപ്പ്

## ബി.എഡ്ഡ് - അഡ്മിറ്റ് കാർഡ് അയച്ചു

2006 ഏപ്രിൽ മാസം 2-ാം തീയതി (ഞായറാഴ്ച) നടത്താനിരിക്കുന്ന ബി.എഡ്ഡ് പ്രവേശന പരീക്ഷയ്ക്ക് സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡുകൾ അയച്ചിട്ടുണ്ട്. പരീക്ഷാർത്ഥികളുടെ റോൾ നമ്പർ, അനുവദിച്ചിട്ടുള്ള പരീക്ഷാകേന്ദ്രം എന്നിവയും അപേക്ഷ നിരസിച്ചിട്ടുള്ളവരുടെ വിശദ വിവരങ്ങളും **'cee-kerala.org'** എന്ന ജാലികയിൽ ലഭ്യമാണ്. ഈ മാസം 31-ാം തീയതി വരെ (31-03-2006) അഡ്മിറ്റ് കാർഡ് ലഭിയ്ക്കാത്ത അപേക്ഷ നിരസിച്ചിട്ടില്ലാത്ത പരീക്ഷാർത്ഥികൾ ഏപ്രിൽ മാസം 1-ാം തീയതി (ശനിയാഴ്ച) രാവിലെ 10 മണിക്കും ഉച്ചയ്ക്ക് ഒരു മണിക്കും ഇടയിൽ, താഴെ പറഞ്ഞിരിക്കുന്ന പരീക്ഷാകേന്ദ്രങ്ങളിലെ ലെയ്സൺ ഓഫീസർമാരെ സമീപിക്കുകയും അപേക്ഷ സ്വീകരിച്ചിട്ടുള്ള പക്ഷം പാസ്പോർട്ട് സൈസിൽ ഉള്ള ഒരു ഫോട്ടോ ഹാജരാക്കി ലയ്സൺ ഓഫീസറിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് സ്വീകരിക്കേണ്ടതുമാണ്. ഈ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡിനു പകരമായി പരീക്ഷാ ഹാളിൽ കൊണ്ടുവരാവുന്നതാണ്.

**തിരുവനന്തപുരം**: കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ, വഴുതക്കാട്

**കൊല്ലം**:ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്ക്കൂൾ ഫോർ ഗേൾസ്, തേവള്ളി

**പത്തനംതിട്ട**:ഗവൺമെന്റ് ഹയർ സെക്കന്ററി ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ, പത്തനംതിട്ട

**ആലപ്പുഴ**: ഗവൺമെന്റ് മുഹമ്മദൻ ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂൾ, സിവിൽ സ്റ്റേഷൻ പോസ്റ്റ്, ആലപ്പുഴ

**കോട്ടയം**: ബേക്കർ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ, കോട്ടയം

**ഇടുക്കി**: ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ, തൊടുപുഴ

**എറണാകുളം**: ദാറുൽ ഉലൂം വി.എച്ച്.എസ് & ഹയർ സെക്കന്ററി സ്ക്കൂൾ, വീക്ഷണം റോഡ്, കൊച്ചി

**തൃശ്ശൂർ**: ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്ക്കൂൾ ഫോർ ബോയ്സ്, തൃശ്ശൂർ

**പാലക്കാട്**: എൻ.എസ്.എസ് കെ.പി.റ്റി വി.എച്ച്.എസ് സ്ക്കൂൾ, ഒറ്റപ്പാലം

**മലപ്പുറം**: ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ, ഡൗൺഹിൽ പോസ്റ്റ്, മലപ്പുറം

**കോഴിക്കോട്**: ബി.ഇ.എം ഹയർ സെക്കന്ററി സ്ക്കൂൾ ഫോർ ഗേൾസ്, കോഴിക്കോട്

**വയനാട്**: എസ്.കെ.എം.ജെ ഹയർ സെക്കന്ററി സ്ക്കൂൾ, കല്പറ്റ

**കണ്ണൂർ**: ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ (സ്പോർട്ട്സ്), കണ്ണൂർ

**കാസറഗോഡ്**: ഗവൺമെന്റ് ഹൈസ്ക്കൂൾ, കാസറഗോഡ്

ഇപ്രകാരം ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നവർ, പരീക്ഷാദിവസം രാവിലെ 9 മണിക്ക് മുൻപായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനെ ഐഡന്റിഫിക്കേഷൻ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

പരീക്ഷാർത്ഥികൾ പരീക്ഷ കഴിയുമ്പോൾ ഉത്തരമെഴുതിയ ഷീറ്റിനോടൊപ്പം ചോദ്യബുക്കും തിരികെ ഏൽപ്പിക്കേണ്ടതാണ്. ചോദ്യബുക്ക് യാതൊരു കാരണവശാലും പരീക്ഷാഹാളിൽ നിന്നും പുറത്തു കൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ല.

തിരുവനന്തപുരം
28-03-2006

**പ്രവേശന പരീക്ഷാ കമ്മീഷണർ**